IV ശ്രദ്ധക്ഷണിക്കൽ

(1) കയർ മേഖലയിലെ തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം

ഡോ. തോമസ് ഐസക്: സർ, ഇന്നു വൈകുന്നേരം കൊടുങ്ങല്ലൂരിൽ നിന്നും കയർമേഖലയിലെ ട്രേഡ് യൂണിയനുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ സമര പ്രഖ്യാപനജാഥ നടത്തുകയാണ്. അത് 9-ാം തീയതി തിരുവനന്തപുരത്ത് സമാപിക്കും. 16-ാം തീയതി മുതൽ കയർ തൊഴിലാളികൾ അനിശ്ചിതകാല കൂട്ടസത്യാഗ്രഹം സെക്രട്ടേറിയറ്റിന് മുമ്പിൽ ആരംഭിക്കുകയാണ്. ഇതിന്റെ പശ്ചാത്തലത്തിലാണ് ബഹുമാനപ്പെട്ട കൃഷിയും കയറും മന്ത്രിയുടെ ശ്രദ്ധ കയർ മേഖലയിലെ അതിഗുരുതരമായ ചില പ്രശ്നങ്ങളിലേക്ക് ക്ഷണിക്കുവാൻ വേണ്ടി ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. കഴിഞ്ഞ നാലുവർഷമായിട്ട് കയർമേഖലയിലെ പ്രശ്നങ്ങൾക്ക് ഞാൻ ഇതുപോലെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്, സംസാരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി അവരുടേതായ നീണ്ട മറുപടിയും നൽകിയിട്ടുണ്ട്. പക്ഷെ കയർ മേഖലയിലെ പ്രശ്നങ്ങൾ പഴയതുപോലെ തുടരുകയാണ്. അതുകൊണ്ട് ഞങ്ങൾ ഈ സർക്കാരിനെതിരെ ഈ സമരത്തിലൂടെ ഒരു കുറ്റാരോപണ പ്രചരണ പ്രവർത്തനത്തിലേക്കാണ് നീങ്ങാൻ പോകുന്നത്. തെല്ല് പ്രതീക്ഷയും ഈ സർക്കാരിൽ ഇല്ല, എങ്കിലും ബഹുമാനപ്പെട്ട മന്ത്രിയോട് ലളിതമായ കണക്ക് ഞാൻ പറയട്ടെ. ഇടതുപക്ഷമുന്നണിയുടെ കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിനിടയിൽ ശരാശരി പ്രതിവർഷം 28 കോടി രൂപ പദ്ധതി ഇനത്തിൽ കയർ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ നാലു വർഷത്തെ കണക്ക് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് നൽകിയ കണക്കിൽ കൃത്യമായിട്ട് നല്കിയിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ആ കണക്കിലേക്ക് ക്ഷണിക്കുകയാണ്. 2001-2002-ൽ 47 കോടി രൂപ വകയിരുത്തി 29 കോടി രൂപ ചെലവഴിച്ചു. രണ്ടാം വർഷത്തിൽ 21 കോടി രൂപ വകയിരുത്തി 17 കോടി രൂപ ചെലവഴിച്ചു. മൂന്നാം വർഷത്തിൽ 15 കോടി രൂപ വകയിരുത്തി 9 കോടി രൂപ ചെലവഴിച്ചു. കഴിഞ്ഞ വർഷം 30 കോടി രൂപ വകയിരുത്തി 15 കോടി രൂപ ചെലവഴിച്ചു. ഇത് കഴിഞ്ഞ ഏതാനും ആഴ്ചകൾക്കു മുമ്പ് സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മന്ത്രി തന്നെ വിതരണം ചെയ്ത കണക്കാണ്. ശരാശരി എടുത്താൽ നിങ്ങളുടെ കഴിഞ്ഞ നാലുവർഷത്തിനിടയിൽ 17 കോടി രൂപയേ കയർ വ്യവസായത്തിന് ചെലവഴിച്ചിട്ടുള്ളൂ. ഈ മേഖലയിലെ മൂന്നര ലക്ഷത്തോളം വരുന്ന പാവപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയോട് ഈ സർക്കാരിന് ഇതിലേറെ അവഗണന എങ്ങനെ കാണിക്കാനാകും.

സർ, പ്രഖ്യാപനങ്ങളൊക്കെ വളരെ വലുതാണ്. പണമില്ല. ഇതുപറയുമ്പോൾ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിക്ക് ശുണ്ഠിയാണ്. ആ വകുപ്പിന് കൂടുതൽ പണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്ന് പറഞ്ഞാൽപോലും സന്തോഷത്തോടെയല്ല സ്വീകരിക്കുന്നത്. എന്തോ അവരെ കുറ്റം പറയുന്നു എന്നുള്ള ധാരണയിലാണ്. അപ്പോൾ പണം നീക്കിവച്ചിട്ടില്ല. പണം നീക്കിവയ്ക്കാത്തതിന്റെ ഫലമായി എന്താണ് സംഭവിച്ചത്? ഏതാണ്ട് രണ്ടു ലക്ഷത്തിൽപരം അംഗസംഖ്യയുള്ള കയർ സഹകരണ മേഖലയിൽ ഏറ്റവും വലിയ ആഘാതമുണ്ടായി. ഈ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എന്തു പണം നിങ്ങൾ നൽകി. ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ നിങ്ങൾ വച്ച കണക്ക് എടുക്കുകയാണ്. എം.ഡി.എ., അതാണ് പഴയ റിബേറ്റിനുപകരം നിങ്ങൾ ഇപ്പോൾ നൽകുന്നത്. 2002-2003-ൽ 4 കോടി രൂപ നീക്കി വച്ചു, 2.8 കോടി രൂപയേ കൊടുത്തിട്ടുള്ളൂ. 2003-2004-ൽ ആറു കോടി രൂപ നീക്കി വച്ചു, 2.9 കോടിയേ കൊടുത്തിട്ടുള്ളൂ. 2004-2005-ൽ 8 കോടി രൂപ നീക്കി വച്ചു, 5.6 മാത്രമേ കൊടുത്തുള്ളൂ. ഇതിന് 50 ശതമാനം കേന്ദ്ര സർക്കാർ തരുന്നതാണ്. ഈ കേന്ദ്രം തരുന്ന ധനസഹായം പോലും പാവപ്പെട്ട കയർത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള സൻമനസ് നിങ്ങൾക്ക് ഇല്ലാതായല്ലോ. കയർ സഹകരണ സംഘങ്ങൾക്ക് നിങ്ങൾ വച്ച കണക്ക് പ്രകാരം എത്രയാണ് 1-10 വർഷം ഒരു കോടി ഇരുപതു ലക്ഷം രൂപയാണ്. രണ്ടാം വർഷം ഏതാണ്ട് ഒരു കോടി രൂപ വച്ച് ഈ മൂന്നു വർഷവും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം കേന്ദ്രസർക്കാർ 4.8 കോടി രൂപ തന്നു. ജനുവരി വരെ ഒരൊറ്റ പൈസ ചെലവാക്കിയിട്ടില്ല. സബ്ജക്ട് കമ്മിറ്റിയുടെ കണക്കാണ്. ജനുവരി വരെ കേന്ദ്ര സർക്കാർ തന്ന പണം ഒരു പൈസ കൊടുത്തിട്ടില്ല. മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ച് അവിടെവച്ച് എന്തൊക്കെയോ പ്രഖ്യാപിച്ചു. ആർക്കോ എന്തോ കൊടുത്തു എന്നുപറയുന്നു. ഈ രീതിയിൽ കയർഫെഡിന് ഒരു പൈസയുണ്ടോ, ഇപ്പോൾ എന്താണ് ചെയ്തിരിക്കുന്നതെന്നറിയാമോ? കയർഫെഡിന്റെ ബൈലാസ് ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി ഇടപെട്ട് ഭേദഗതി ചെയ്തിരിക്കുകയാണ്. എന്താണ് ഭേദഗതി? സഹകരണ വകുപ്പുമന്ത്രി കേൾക്കണം. സഹകരണ സ്ഥാപനമല്ലെങ്കിലും കയർഫെഡ് അപ്പെക്സ് ബോഡിയാണ്, കയർ സഹകരണ സംഘങ്ങളുടെ ആ അപ്പെക്സ് ബോഡിയിൽ അസോസിയേറ്റ് മെമ്പർഷിപ്പ് കൊടുക്കാം. എന്തിന് വേണ്ടിയിട്ട്? അസോസിയേറ്റ് മെമ്പർ ആണെങ്കിൽ അവരുടെ കയർ വാങ്ങാം. കയർഫെഡിന് ബഹുമാനപ്പെട്ട ഗൗരിയമ്മ ആദ്യം മന്ത്രിയായിരുന്ന കാലത്ത് 1957-ൽ അന്നത്തെ സർക്കാർ തെയ്യുണ്ണി മേനോൻ എന്ന ഒരു മനുഷ്യനെ കൊണ്ട് അന്നത്തെ കയർ സഹകരണ സംഘങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ഏൽപ്പിച്ചിട്ടുണ്ട്. ഒരുപക്ഷെ ബഹുമാനപ്പെട്ട മന്ത്രി മറന്നുപോയി കാണും. ഒന്നുകൂടി വായിച്ചുനോക്കൂ. എങ്ങനെയാണ് ഇന്ന് നിങ്ങളെടുക്കുന്ന നടപടികൾ, ഈ കയറിന്റെ സഹകരണ മേഖലയിലെ അപ്പെക്സ് ബോഡിയിൽ ഈ അസോസിയേറ്റ് മെമ്പർമാർ മറ്റുമായിട്ട് കച്ചവടക്കാരേയും മറ്റും തിരുകി കയറ്റുന്നതിനുള്ള സന്ദർഭം കൊടുത്തതിന്റെ ഫലമായി ഇവയെല്ലാം ഈ കച്ചവടക്കാർ നിയന്ത്രിക്കുന്ന രീതിയിലേക്ക് എങ്ങനെ വന്നുചേർന്നു എന്നുള്ളത് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഒരു പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി പറയും, സ്വയം സഹായ സംഘങ്ങൾക്കേ ഞാൻ അസോസിയേറ്റ് മെമ്പർഷിപ്പ് കൊടുക്കുന്നുള്ളൂ എന്ന്. പക്ഷെ അവർ നൽകുന്ന പകിരി അവർ നൽകുന്ന കയർ, ആര് ഉണ്ടാക്കിയെന്ന് എങ്ങനെയാണ് തീരുമാനിക്കപ്പെടാൻ പറ്റുക? പണ്ടത്തെ കാലത്തെപ്പോലെ കച്ചവടക്കാർക്കും നിക്ഷിപ്ത താൽപ്പര്യക്കാർക്കും അവർക്ക് താൽപ്പര്യമില്ലാത്ത കയർ, കയർ ഫെഡിൽ ഏൽപ്പിച്ച് പണം പിടുങ്ങുന്നതിനുള്ള ഏർപ്പാടായി ഇത് മാറാൻ പോകുകയാണ്. അങ്ങനെ കയർഫെഡിനെ തകർക്കാൻ, കയർഫെഡിന് ഈ വർഷം പൈസ കൊടുക്കാനുണ്ടോ, കയർഫെഡിന്റെ ഗോൾഡൻ ജൂബിലിക്ക് മന്ത്രി വന്നു. ഞങ്ങളെല്ലാപേരും ചെന്നിരുന്നു. വിഷൻ ഡോക്യുമെന്റ് എന്ന ഒരു ഡോക്യുമെന്റ് ഞങ്ങളെല്ലാപേരും കണ്ടു. വളരെ പ്രകീർത്തിച്ചതാണല്ലോ, മുഖ്യമന്ത്രിയും വന്നിരുന്നതാണല്ലോ. ആ വിഷൻ ഡോക്യുമെന്റ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും ഈ ബഡ്ജറിലുണ്ടോ? അങ്ങനെ സത്യം പറഞ്ഞാൽ ഈ കയർ മേഖലയെ നാലുപേരുള്ള സംഘടനകൾ, ഐ.എൻ.ടി.യു.സി. ആകട്ടെ, സി.ഐ.ടി.യു. ആകട്ടെ, എ.ഐ.ടി.യു.സി. ആകട്ടെ, യു.ടി.യു.സി. ആകട്ടെ, ഇവരെയൊക്കെ മാറ്റിനിർത്തിക്കൊണ്ട് ഈ സ്വന്തം പാർട്ടിക്ക് ആളെ ഉണ്ടാക്കാൻവേണ്ടി കയർ വ്യവസായത്തിനുള്ള പണം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് ക്ഷേമനിധി ഫണ്ടിൽക്കൂടി ചെയ്തിരിക്കുന്നത്. ജെ.എസ്.എസ്.ന്റെ സംഘടനയിൽ ചേരാൻ തയ്യാറുള്ളവർക്ക് ഒന്നരക്കോടി രൂപ വച്ചിട്ടുണ്ട്, ക്ഷേമനിധിപ്രകാരം. റാട്ട് കൊടുക്കുന്നു, ആനുകൂല്യങ്ങൾ കൊടുക്കുന്നു, ഈ ക്ഷേമനിധിയിൽ റാട്ട് കൊടുക്കാനും സ്കിൽഡ് ട്രെയിനിംഗിനും വെൽഫെയർ ഫണ്ട്. വെൽഫെയർ ഫണ്ട് വെൽഫെയറിനാണ്. ഈ വെൽഫെയർ ഫണ്ടിന്റെ കീഴിൽ മറ്റ് ഉൽപ്പാദന സംവിധാനമുണ്ടാക്കാൻ വകുപ്പുമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സർ, ഇത്തരത്തിലുള്ള തലതിരിഞ്ഞ നയങ്ങൾ! ഈ സഹകരണമേഖലയെ തകർത്തതിന്റെ ദുരന്തഫലമെന്താണ്? സഹകരണ മേഖല വലിയ കേമമായിരുന്നു എന്ന് ഞാൻ അവകാശപ്പെടില്ല. ഈ വ്യവസായം തന്നെ തകർന്നുകൊണ്ടിരിക്കുമ്പോൾ സഹകരണം മാത്രം എങ്ങനെയാണ് വിജയിക്കാൻ പറ്റുക. പക്ഷെ സഹകരണ മേഖല ഒന്ന് ചെയ്തിരുന്നു, സഹകരണ മേഖലയിൽ ഏതാണ്ട് കയറിന്റെ കാൽ ഭാഗം പണിയേ നടക്കുന്നുള്ളൂ എങ്കിലും അവിടെ പൂർണ്ണമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതുകൊണ്ട് പാവപ്പെട്ട കയർ തൊഴിലാളികൾ ഒറ്റക്കളങ്ങളിൽ ഒറ്റ റാട്ട്, രണ്ടു റാട്ട്, മൂന്നു റാട്ട്, പാക്കളങ്ങളിൽ പണി എടുക്കുന്നവർക്ക് സഹകരണ മേഖലയിൽ ഈ കൂലികൊടുക്കുന്നുണ്ട്. ആ കൂലിക്ക് അനുസരിച്ച് കൂലി തരണം, കുറച്ചുകുറഞ്ഞാലും ഒരു വ്യത്യാസം പോയിന്റുണ്ടായിരുന്നു. നിങ്ങൾ ഈ സഹകരണ മേഖലയെ മുഴുവൻ തകർത്തുകൊണ്ട് ഈ കയർ തൊഴിലാളികളെ കച്ചവടക്കാർക്ക് എറിഞ്ഞുകൊടുത്തിരിക്കുകയാണ്. അൻപതുകളിലും അറുപതുകളിലും എന്നപോലെ മേലാഞ്ചിറ സുകുമാരൻ, അവരല്ലേ നിങ്ങളുടെ ആദർശ പുരുഷൻ, ഇന്ന് ഇപ്പോൾ കയറിന്റെ സ്ഥിതിയെന്താണ്? മേലാഞ്ചിറ

സുകുമാരനെപ്പോലുള്ള ചകിരി കച്ചവടക്കാർക്ക് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ അവർ വന്നു തൊണ്ടു വാങ്ങിക്കൊള്ളും, ചകിരിയാക്കിക്കൊള്ളും, കയർ തൊഴിലാളികൾക്ക് കൊടുത്തുകൊള്ളും, നടത്തിക്കൊള്ളും എന്നല്ലേ ഗൗരിയമ്മ പറഞ്ഞത്. തൊണ്ടു കച്ചവടക്കാരും ചകിരി കച്ചവടക്കാരും അവരെ നിയന്ത്രിക്കുകയായിരുന്നു. വേണമെങ്കിൽ മാത്യു തരകന്റെ മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട് എടുക്കൂ. കുഞ്ഞിരാമന്റെ കമ്മിറ്റി റിപ്പോർട്ട് എടുക്കൂ. എന്താണ് അവർ പറയുന്നത്? ചകിരി കച്ചവടക്കാരുടെയും തൊണ്ടുകച്ചവടക്കാരുടെയും നിയന്ത്രണമുള്ളിടത്തോളംകാലം മിനിമം കൂലി കൊടുക്കാൻ കഴിയുകയില്ല. എന്നിട്ട് ഗൗരിയമ്മയടക്കമുള്ളവർ പ്രസംഗിച്ചു നടന്നതിന്റെ ഫലമായി ഈ കയർ വ്യവസായത്തെ സഹകരണാടിസ്ഥാനത്തിലാണ് പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചത്. എന്നിട്ട് നിങ്ങളുടെ കീഴിൽ കഴിഞ്ഞ നാലുവർഷമായി നടന്നുകൊണ്ടിരിക്കുന്നത്, ആ വ്യവസായത്തെ വീണ്ടും ഈ അഭിശപ്തമായ നാളുകളിലേക്ക് ചകിരി കച്ചവടക്കാരുടെ കീഴിലേക്ക് വലിച്ചെറിയുന്നതിനുള്ള നടപടികളാണ്. കേരളം നിങ്ങൾക്ക് മാപ്പുതരില്ല. ഇതാണ് ഒരു വശത്തെങ്കിൽ കയർ ഉൽപ്പന്നമേഖലയിൽ പർച്ചേസ് പ്രൈസ് എന്തായിരുന്നു? ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഈ സഭയിൽ എടുത്ത നിലപാട്, പർച്ചേസ് പ്രൈസ് കേന്ദ്രം വകയിരുത്തുന്നതാണ്. ഞങ്ങൾക്ക് ഈ ഏർപ്പാടില്ല. ഞങ്ങൾക്ക് ഉത്തരവാദിത്വമില്ല എന്നുള്ളതാണ്. കേന്ദ്രം വേണ്ട എന്നുവച്ചു. തൊഴിലാളിയും ചെറുകിട ഉൽപ്പാദകരും സമരം ചെയ്ത് പർച്ചേസ് പ്രൈസ് നിശ്ചയിച്ച് കയർബോർഡ് മദ്ധ്യസ്ഥൻ മുതലാളിക്ക് കൊടുക്കാമെന്ന് പറഞ്ഞു, ഡിപ്പോയില്ലാഞ്ഞിട്ടും കൊടുക്കാമെന്നു പറഞ്ഞു, ഈ സംസ്ഥാനത്ത് ഒരു സർക്കാർ ഇല്ലേ, മുതലാളിയും തൊഴിലാളിയും ഉഭയകക്ഷിപ്രകാരം ഒരു കരാർ ഉണ്ടാക്കിയാൽ ആ കരാർ നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന ചുമതല വകുപ്പിനില്ലേ. ഡിപ്പോകൾക്ക് ബദലായിട്ട് സംവിധാനം ഉണ്ടാക്കുന്നതിന് ഒരു ചെറുവിരൽ അനക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അതുകൊണ്ടല്ലേ നിശ്ചയിച്ച വില ഇന്നും കിട്ടാത്തത്. അതുകൊണ്ടല്ലേ ഡിപ്പോക്കാർ വീണ്ടു തിരിച്ചുവരുന്നത്. എന്തു നിങ്ങൾ ചെയ്തു? കേന്ദ്ര സർക്കാരിന് താൽപ്പര്യമില്ലെങ്കിൽ പോകട്ടെ. മുതലാളിയടക്കം സമ്മതിച്ചല്ലോ, ഡിപ്പോ വേണ്ട, ചെറുകിട ഉൽപ്പാദകർക്ക് കൊടുക്കാമെന്ന്. ഈ സർക്കാർ ഇടപെട്ടിട്ട് അതിൽ ഒരു ഏർപ്പാട് ഉണ്ടാക്കാൻ കഴിയുമായിരുന്നോ? ചകിരിയില്ല, തൊണ്ട് നാട്ടിലുണ്ട്, നമ്മുടെ നാട്ടിൽ ഉണ്ടാക്കുന്ന തൊണ്ടിന്റെ പകുതിയെടുത്താൽ നമ്മുടെ ക്ഷാമം തീരും. ചർച്ച ചെയ്തു, കുടുംബശ്രീവഴിയാകാം എന്നുപറഞ്ഞു, ഇപ്പോൾ പറയുന്നു കുടുംബശ്രീവഴി നടക്കില്ല. എന്താണ് നടക്കാത്തത്? കുടുംബശ്രീവഴി കോർപ്പറേഷനുകളിലെ ചപ്പും ചവറും മുഴുവൻ ശേഖരിച്ചു നീക്കാൻ പറ്റുമെങ്കിൽ ഈ വീട്ടുമുറ്റത്തു കിടക്കുന്ന തൊണ്ട് ശേഖരിക്കാൻ എന്താണ് പറ്റാത്തത്? കാരണമെന്താണെന്നറിയാമോ? ആ സ്ത്രീകൾക്ക് തൊണ്ടൊന്നിന് പത്തു പൈസ,

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത് പൈസ സബ്സിഡിയായിട്ട് നൽകാൻ കഴിഞ്ഞാൽ അവർ തൊണ്ട് ശേഖരിക്കും. അതിന് ഒരു നടപടി സർക്കാരിന്റെ കൈയിലുണ്ടോ? അതിനു പകരം എന്താണ് പറയുന്നത്. കുടുംബശ്രീ യൂണിറ്റുകൾ വാണിജ്യാടിസ്ഥാനത്തിൽ തൊണ്ടു വാങ്ങിച്ച് ലാഭവും കൂട്ടിച്ചേർത്ത് അത് വിറ്റോളണം, അത് നടക്കുന്ന കാര്യമല്ല. അങ്ങനെ തൊണ്ടിന് പത്തു പൈസ, ഇരുപത് പൈസ സബ്സിഡി നൽകിക്കഴിഞ്ഞാൽ ആ തൊണ്ട് തല്ലുന്നവർ പാവപ്പെട്ടവരാണ്. പരമദരിദ്രരാണ്. ആ ചകിരികൊണ്ട് കയർ പിരിക്കുന്നവർ പരമദരിദ്രരാണ്. ആ കയർകൊണ്ട് തടുക്ക് നെയ്യുന്നവർ പരമദരിദ്രരാണ്. സർക്കാർ തൊണ്ടിന് 20 പൈസ കുടുംബശ്രീക്ക് സബ്സിഡി നൽകിക്കഴിഞ്ഞാൽ അതിന്റെ ഫല മായി ആ ഘട്ടത്തിലും ഉണ്ടാകുന്ന വാല്യൂ അഡീഷൻ, അതിനെക്കാൾ വലിയ ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി കേരളത്തിലെ രണ്ടു ലക്ഷത്തോളം വരുന്ന പരമ ദരിദ്രരെ സഹായിക്കുന്ന ഈ പരിപാടി സർക്കാരിന് ആവിഷ്കരിക്കാൻ കഴിയുമോ? 10 പൈസ നീക്കിവയ്ക്കാതെ സംഭരണം നടക്കുമോ? കയർ വകുപ്പുമന്ത്രി ഈ വ്യവസായത്തെ ദ്രോഹിക്കുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചിട്ടും യാതൊരു കാര്യവുമില്ല. എങ്കിലും അവസാന സന്ദർഭത്തിൽ വീണ്ടും ഒന്നു പറയാം. മറ്റൊന്നും ഇല്ലെങ്കിലും വകുപ്പിന് അർഹതയുണ്ട്. ഈ വർഷം വകയി രുത്തിയിരിക്കുന്ന പണമെങ്കിലും ചെലവഴിക്കുന്നതിന് മുൻകൈ എടുക്കണം. അത് ട്രേഡ് യൂണിയനുകളുമായി സംസാരിക്കണം. ഓണം വരികയാണ്. ഓണത്തിന് തൊഴിൽ വകുപ്പുമന്ത്രി (അടുത്തിരിക്കുന്ന ആളിന് ഇഷ്ടമില്ലെങ്കിലും) പൂട്ടിക്കിടക്കുന്ന സഹകരണ സംഘങ്ങൾക്ക് ഒരു ആശ്വാസം നൽകാൻ, കഴിഞ്ഞ വർഷം ചെയ്തതു പോലെ ഇത്തരത്തിലുള്ള ചില നടപടികൾ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഡോ. തോമസ് ഐസക് ഇവിടെ കോ-ഓപ്പറേറ്റീവ് സൊസൈ റ്റികൾക്ക് സഹായം കൊടുക്കാനും അതിന്റേതായിട്ടുള്ള ഇന്നത്തെ സ്ഥിതി വിശേഷത്തെപ്പറ്റി പറയുന്നതിനും വേണ്ടിയാണ് നോട്ടീസ് തന്നത്. അദ്ദേഹം ഏതാണ്ട് ബഡ്ജറ്റ് പ്രസംഗംപോലെ കയർ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതി അദ്ദേഹത്തിന്റെ മനോഗതിക്കനുസരിച്ച് കാണത്തക്കവിധത്തിൽ ഇവിടെ പ്രസ്താവിച്ചു. എല്ലാറ്റിനും പുതിയ വിധത്തിൽ ഇത് കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ആകെ സൊസൈറ്റികൾ 853 ആണ്. ഇത് ഞാൻ വന്നപ്പോൾ ഉള്ളതല്ല. ആ സൊസൈറ്റിക ളിൽ 398 എണ്ണം മുൻ ഗവൺമെന്റിന്റെ കാലത്തുതന്നെ (ശ്രീമതി സുശീലാ ഗോപാലൻ ഭരിക്കുന്ന കാലത്ത്) ലിക്വിഡേറ്റ് ചെയ്തതാണ്. ബാക്കിയുള്ള 455 എണ്ണം ഇഴഞ്ഞും വലിഞ്ഞുമൊക്കെ ഇന്നും പ്രവർത്തിക്കുന്നുണ്ട്. കാശ് വാങ്ങുന്നുണ്ട്. വാങ്ങുന്ന കാശ് ചെലവഴിക്കാതെ ഓരോ കൊല്ലവും സമയം നീട്ടി ചോദിച്ചുകൊണ്ടുപോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എൻ.സി.ഡി.സി.-യിൽനിന്നും പണം വാങ്ങിയിട്ട് ഓരോ കൊല്ലവും കൊടുത്ത പണം ചെലവഴിക്കാതെവന്നതിന്റെ അടിസ്ഥാനത്തിൽ നീട്ടിക്കൊണ്ടുപോകുകയാണ്. ഇതാണ് ഇന്ന് ചെയ്യുന്നത്. അതിൽ 21 സൊസൈറ്റികളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഞാനാണോ ഇതെല്ലാം ഉണ്ടാക്കിയത്? ഞാൻ ഇതിൽനിന്നും വിട്ടുപോയിട്ട് വളരെക്കാലമായിരിക്കുന്നു. ഞാൻ അവസാനമൊക്കെ സ്ത്രീകളുടെ കാര്യത്തിലും കർഷകസംഘത്തിലുമൊക്കെയാണ് നിങ്ങളുടെ കൂടെ നിന്നപ്പോൾ പ്രവർത്തിച്ചിരുന്നത്. അതുകൊണ്ട് കയർത്തൊഴിലാളികളുടെ പ്രശ്നം അറിയില്ല എന്നല്ല പറയുന്നത്. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് വന്ന വിന നേതാക്കളുടെ നേതൃത്വം കൊണ്ടു വന്നതാണ്. അതാണ് പ്രധാന ഇഷ്യൂ. ഞാൻ പറയുന്നതിൽ വേദനിക്കേണ്ട. സാധാരണ നിലയ്ക്ക് ഒരു സൊസൈറ്റി ഇങ്ങനെയാണോ നടത്തേണ്ടത്? സൊസൈറ്റി നടത്തുമ്പോൾ വേണ്ടത് ആർക്കുവേണ്ടിയാണോ പ്രവർത്തിക്കുന്നത് അവർക്കുവേണ്ടി യുള്ള ആത്മാർത്ഥമായ പ്രവർത്തനമാണ്. കായംകുളം ബസ് സ്റ്റാൻഡിനടുത്തുള്ള നിങ്ങളുടെ പ്രധാന പ്രവർത്തകൻ വർക്ക് ചെയ്യുന്ന സൊസൈറ്റിയുടെ കഥ പറയാം. ഞാൻ പരിശോധന നടത്തിച്ചു. 1800 മെമ്പർമാരുള്ള സൊസൈറ്റിയാണ്. കയർപിരി തൊഴിലാളികളാണ്. അത് വർക്ക് ചെയ്യാതായിട്ട് വളരെക്കാലമായി. കഴിഞ്ഞ കൊല്ലം ഞങ്ങൾ പൈസ കൊടുത്ത സൊസൈറ്റിയാണ്. 1800 പേർക്ക് പണിചെയ്യാൻ രണ്ടു റാട്ടുകളെയുള്ളൂ. രണ്ടും ഒടിഞ്ഞ് ചാരി നിർത്തിയിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനത്തിന് കൊടുത്ത പൈസ ബോർഡ് മെമ്പർമാരുടെയും ജീവനക്കാരുടെയും ശമ്പളമായും അലവൻസും മറ്റുമായും എടുക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ. എന്നാൽ അതൊക്കെ എഴുതിയെടുത്തു. പൈസ ഇല്ലാതെ പ്രവൃത്തി നടക്കുന്നില്ല. ഇതാണ് സൊസൈറ്റികളുടെ പ്രധാന ദുഷ്യവശം. ഒരു ദിവസംകൊണ്ട് ശരിയാക്കി എടുക്കാൻ കഴിയുമോ? ഈ കൊല്ലം 138 സൊസൈറ്റികൾക്ക് ബഡ്ജറ്റിൽ ഉണ്ടായിരുന്ന പണത്തിൽനിന്നും സഹായം കൊടുത്തു. പല സൊസൈറ്റികളും കൊടുത്ത പണം ഉപയോഗിക്കാതെ വന്നിരിക്കുന്നു. എൻ.സി.ഡി.സി.-യോട് സമയം നീട്ടിച്ചോദിച്ചി രിക്കുന്നു. എൻ.സി.ഡി.സി. പണം കൊടുക്കാത്ത സ്ഥിതിയിലേക്ക് എത്തിയിരിക്കുന്നു. സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. കാരണം, ഇന്നുവരെ കൊടുത്ത ഒറ്റ പൈസയും തിരിച്ചടച്ചിട്ടില്ല. അതുകൊണ്ട് എൻ.സി.ഡി.സി. പണം കൊടുക്കുന്നില്ല. ഗവണ്മെന്റും മറ്റും ജാമ്യം നിൽക്കാൻ മടിക്കുന്നു. ഞാൻ ഇത് ഒരു കുറ്റമായിട്ട് പറയുന്നില്ല. ഡോ. തോമസ് ഐസക് ചെയ്തതാണെന്നും പറയുന്നില്ല. കയർ സൊസൈറ്റികളിലെ തൊഴിലാളികൾ അവിടെനിന്നും സമരത്തിന് വരുന്നെന്ന് അദ്ദേഹം പറഞ്ഞു. സൊസൈ റ്റികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നിട്ടില്ല. ഞാൻ വന്നതിനുശേഷം ഇവർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക ഉൾപ്പെടെ 68 കോടി രൂപ കയർസൊസൈറ്റികൾക്ക് കൊടുത്തിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് തന്ന കണക്കാണിത്. എന്നും ഇങ്ങനെ പണം കൊടുക്കുക മാത്രം ചെയ്താൽ മതിയോ? സൊസൈറ്റികൾ വർക്ക് ചെയ്യേണ്ടേ? അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെട്ട മെമ്പർമാർക്ക് പണിയും കൂലിയും വേണ്ടേ? അവരെക്കൊണ്ട് വർക്ക് ചെയ്യിക്കേണ്ടേ? വർക്ക് ചെയ്യിക്കാതിരിക്കണമെന്നാണോ? ഇതിന്റെയൊക്കെ ഫലമായിട്ടാണ് പത്താം പദ്ധതി മുതൽ പ്രൈവറ്റൈസേഷൻകൂടി കേന്ദ്ര ഗവണ്മെന്റ് ഈ രംഗത്തും അംഗീകരിച്ചത്. മറ്റുള്ള വിധത്തിൽ വന്നതായിട്ടുള്ള നടപടികളാണ് കയർ മേഖലയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനത്തിൽ കാണിച്ച അനാസ്ഥ. ഇതിന്റെ ഒക്കെ ഫലമായിട്ട് പത്താം പദ്ധതിയിൽ കേന്ദ്ര ഗവണ്മെന്റ് പ്രൈവറ്റൈസേഷൻ കൊണ്ടു വന്നു. തൊഴിലാളികൾക്ക് തൊഴിൽ വേണ്ടേ? മഹിളായോജൻ പദ്ധതിപ്രകാരം അവർ (കയർ ബോർഡ്) റാട്ട് തരും. നാലിൽ മൂന്ന് വില കയർ ബോർഡ് കെട്ടും. ട്രെയിനിംഗ് അവർ തരും. നാലിലൊന്ന് ബാക്കി അനുഭവിക്കുന്ന ആളുകൾ കെട്ടണം. പണം കൊടുത്ത സൊസൈറ്റികൾ പണം കെട്ടിവയ്ക്കാൻ തയ്യാറാണോ? കയർത്തൊഴിലാളികളെ ചാകാൻ വിടണോ? അതുകൊണ്ടാണ് കയറിന്റെ വെൽഫെയർ ബോർഡ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയത്. ഈ വർഷം ആറായിരം റാട്ട് കയർത്തൊഴിലാളികൾക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ റാട്ടും കിട്ടിയിട്ടില്ല. വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലില്ലാത്ത ആറായിരം കയർത്തൊഴിലാളികൾക്ക് റാട്ട് കൊടുക്കുകയും, സെൽഫ് ഹെൽപ്പ് ഗ്രൂപ്പായിട്ട് അവർതന്നെ സംഘടിക്കുകയും ചെയ്തു. വർക്കിംഗ് ക്യാപിറ്റൽ 5,000, ഒരു ഗ്രൂപ്പിന് കൊടുത്ത് പ്രവർത്തിപ്പിക്കാൻ പരിപാടിയിട്ട് വെൽഫയർ ബോർഡ് നടപ്പിലാക്കുന്നു. അവർക്ക് 50,000 രൂപ ഗവണ്മെന്റ് കൊടുക്കും. നാല് റാട്ടുവച്ച് ഷെഡ്ഡുകൾ ഉണ്ടാക്കി അവർക്കാവശ്യമുള്ള റാ-മെറ്റീരിയൽസ് വാങ്ങി, ആ ആളുകൾ ഓരോരുത്തരേയും കയർഫെഡിൽ അംഗങ്ങളാക്കി, വോട്ടുള്ളവരല്ല, അസോസിയേറ്റ് മെമ്പർമാരാക്കി ജോലി കൊടുക്കാനുള്ള സ്കീമാണ്. കയർ സൊസൈറ്റി വർക്ക് ചെയ്തില്ലെങ്കിൽ ആ തൊഴിലാളികളെ മരിക്കാൻ അനുവദിക്കണമെന്നാണ് ഡോ. തോമസ് ഐസക്കിന്റെ അഭിപ്രായം. ഡോ. തോമസ് ഐസക് ഇരുന്ന സമയത്ത് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ നിങ്ങൾ അംഗീകരിച്ചില്ലേ ഈ സ്കീം? അതിനു പണം നിങ്ങൾ കൊള്ളിച്ചല്ലോ? ഈ പ്രാവശ്യം ഞങ്ങളുടെ ആഗ്രഹം 30,000 തൊഴിലാളികൾക്കെങ്കിലും റാട്ട് കൊടുത്ത് പുനഃസംഘടിപ്പിക്കണമെന്നാണ്. മുഴുവൻ നടക്കുകയില്ല. എങ്കിലും കയർ ബോർഡുമായി യോജിച്ച് അവർക്ക് തരാൻ സാധിക്കുന്നത് 15,000 എണ്ണമാണെന്ന് പറഞ്ഞു. അതിൽ വെൽഫയർ ബോർഡ് ഇത്ര എടുക്കും. ബാക്കി നിങ്ങൾ എടുക്കാൻ പറഞ്ഞു. നിങ്ങൾ എടുക്കുന്നില്ല. എന്ത് വേണമെന്നാണ്? കുറ്റം പറഞ്ഞാൽ മതിയോ? റാട്ടിന്റെ വിതരണവും ട്രെയിനിംഗും ഒക്കെ നടക്കുന്നു. നിങ്ങൾ ചെന്ന് നോക്കൂ. ആരെയും ചൂഷണം ചെയ്യുന്നില്ല. അവരുടെ ജോലിക്ക് അവർ വേതനം പറ്റുന്നു. ഗവൺമെന്റ് വെറും facilitator മാത്രമാണ്. ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികളല്ലേ കൂടുന്നത്? ഞാൻ 1948-ൽ തെരഞ്ഞെടുപ്പിൽ നിന്ന ആളാണ്. അന്ന് 13,000 വോട്ടിന് തോറ്റു. 1957-ൽ 7,000 വോട്ടിന് ജയിച്ചു. ജനങ്ങൾക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചാൽ ജയിക്കും, സ്വാധീനം കൂടും, ആളെ കിട്ടും. അതിൽ എന്താണ് കുറ്റം, ഇത്ര വിഷമം? എനിക്ക് വിഷമമുണ്ടായിട്ട് പറയുകയാണ്. ഇപ്പോൾ സമരം ചെയ്യാൻ പോകുന്നുവെന്നാണ് പറയുന്നത്. ഈ സമരത്തിന് എന്ത് ആവശ്യമാണുള്ളത്? നിങ്ങൾ കമ്മിറ്റി കൂടണമെന്ന് പറഞ്ഞു. അനുവദിച്ചു. നിങ്ങൾ എനിക്ക് ഒരു റിപ്പോർട്ട് തന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുകൂട്ടി. അതിൽ കുറേ തീരുമാനങ്ങളെടുത്തു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുറേ കാര്യങ്ങൾ ചെയ്തു. ബഡ്ജറ്റ് തുകയുടെയും ചെലവായ തുകയുടെയും കാര്യം അദ്ദേഹം പറയുകയുണ്ടായി. അതിന്റെ കണക്ക് ഞാൻ വായിക്കാം. 2001-2002-ൽ 29.41 ലക്ഷം രൂപയാണ് ചെലവ്. 2002-2003-ൽ 20.83 ലക്ഷമായിരുന്നു ബഡ്ജറ്റ്. അതിൽ ചെലവായ തുക 17.45 ലക്ഷം രൂപയാണ്. 2003-2004-ൽ 15 കോടി രൂപയായിരുന്നു ബഡ്ജറ്റ്. ബഡ്ജറ്റ് തുക എനിക്ക് കൂട്ടിവയ്ക്കാൻ പറ്റുമോ? 2004-ൽ ബഡ്ജറ്റ് തുക 35.55 ലക്ഷം രൂപ, ചെലവ് 30.52 ലക്ഷം രൂപ. മുഴുവൻ തുകയും ചെലവാക്കാൻ പറ്റിയിട്ടില്ല. 15% plan cut ഉണ്ട്. ഇതൊക്കെ കഴിഞ്ഞാണ് ഈ തുക കിട്ടുന്നത്. കഴിയുന്നത്രയും ചെലവാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തിട്ടുണ്ട്. കയർ വ്യവസായംപോലുള്ള വ്യവസായത്തിൽ നമ്മുടെ സാമ്പത്തികസ്ഥിതി അനുസരിച്ചും കേന്ദ്രം തരുന്ന വിഹിതവും കൂട്ടിച്ചേർത്ത് ഇത്രയേ പണം ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മറ്റുവിധത്തിൽ നമ്മൾ പണമെടുത്തും ഇതിനാവശ്യമായിട്ടുള്ള തുക ലഭ്യമാക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. നിങ്ങൾ എന്നും സമരം പറയുകയാണ്. ഈ സമരം പറഞ്ഞ് എഗ്രിമെന്റ് ഉണ്ടാക്കിയില്ലേ? പർച്ചേസ് പ്രൈസിന് എഗ്രിമെന്റുണ്ടാക്കി. എന്നാൽ എന്താണ് ചെയ്തത്? നിങ്ങൾ പോയി ഓർഡർ വാങ്ങിച്ചു. ഞാൻ വാങ്ങിയിട്ടില്ല. എനിക്ക് കച്ചവടമുണ്ടോ? ഞാൻ വാങ്ങിച്ചെങ്കിൽ തെളിയിച്ചോ, യാതൊരു വിരോധവുമില്ല. നിങ്ങൾ പോയി ഓർഡർ വാങ്ങിച്ചു. ഡിപ്പോ നിർത്തി എന്നു പറഞ്ഞുകൊണ്ട് ഒരു പെർസെന്റ് കമ്മീഷൻ വാങ്ങിച്ച് നിങ്ങൾ വിതരണം ചെയ്തു. ഡിപ്പോ നിർത്തിയോ? യാഥാർത്ഥ്യം പറഞ്ഞതാണ്. കച്ചവടക്കാരുടെ അല്ലെങ്കിൽ പ്രൊഡ്യൂസേഴ്സിന്റെ കൺസോർഷ്യമുണ്ടാക്കാൻ പാടില്ലായിരുന്നോ? അവരോട് വാങ്ങിക്കാൻ പറയാമായിരുന്നല്ലോ? ആ കൺസോർഷ്യം ഉണ്ടാക്കാതെ മറ്റുള്ള വിധത്തിൽ പ്രൊഡ്യൂസേഴ്സിന്റെ, സ്മാൾ സ്കെയിലുകാരുടെ കൺസോർഷ്യമുണ്ടാക്കി അവർ പോയി വാങ്ങിക്കട്ടെ. നിങ്ങൾ അത് ചെയ്തോ? പഴയ കാലത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലല്ലോ? ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി ചെയ്യുന്ന നടപടികൾ അതുപോലെയല്ലല്ലോ? എന്നിട്ട് എന്നെ കുറ്റം പറയുകയാണ്. ഗൗരിയമ്മയാണ് കൊടുത്തത് എന്ന്. ഗൗരിയമ്മയ്ക്ക് ഒരു കച്ചവടവുമില്ല. ആർക്കും വാങ്ങി കൊടുക്കുന്നില്ല. ദീർഘകാലമായുണ്ടായിരുന്ന പർച്ചേസ് പ്രൈസാണ് എടുത്തുകളഞ്ഞതിലൂടെ സാധാരണ പാവപ്പെട്ട ചെറുകിടക്കാരായിട്ടുള്ള ആളുകൾ വളരെ ബുദ്ധിമുട്ടുകയാണ്. അവിടുത്തെ സ്ഥിതി എന്താണെന്നുവച്ചാൽ, ദിവസവും ഫാക്ടറികൾ കയർരംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാവുകയാണ്. കയർ ബോർഡിൽ രജിസ്റ്റർ ചെയ്യാത്ത ഫാക്ടറികളുണ്ടാകും. രജിസ്റ്റർ ചെയ്യാൻ കഴിയില്ല. അത്രയും ഫാക്ടറികളുണ്ട്. ജീവിക്കാൻ നിവൃത്തിയില്ലെങ്കിൽ ഒരു ലും വച്ച് അച്ഛനും അമ്മയും മക്കളുംകൂടി പ്രവർത്തിച്ച് വൈകുന്നേരം ഉണ്ടാക്കിയ തടുക്കോ, പായയോ എടുത്ത് തലയിൽ ചുമന്നുകൊണ്ടുപോയി വിൽക്കുന്ന സമ്പ്രദായമാണ് ഇന്നും ഈ വ്യവസായത്തിൽ നിൽക്കുന്നത്. അവർക്ക് ബുദ്ധിമുട്ടുണ്ട്. കിട്ടേണ്ട കാശ് കിട്ടാതെ വരും. പർച്ചേസ് പ്രൈസ് നടപ്പിലാക്കുന്നത് നല്ലതാണ്. പർച്ചേസ് പ്രൈസ് നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അത് പൊളിക്കാനുള്ള നടപടി നിങ്ങളെടുക്കുന്നത് ശരിയല്ല. ഇത്രയും കാലമായിട്ട് സെൻട്രൽ ഗവൺമെന്റിനോട് ഞങ്ങൾ പറഞ്ഞത് എം.ഇ.പി. നിർത്തിയത് തെറ്റാണെന്നാണ്. വെറുതെ ആവശ്യമില്ലാതെ ഡോ. തോമസ് ഐസക് എന്നെക്കൊണ്ട് പറയിപ്പിക്കുകയാണ്. കാര്യങ്ങൾ പറഞ്ഞാൽ എനിക്ക് ദേഷ്യം വരുമെന്നാണ് പറയുന്നത്. എനിക്ക് ഒരു ദേഷ്യവുമില്ല. നന്നായി നടന്നാൽ മതി. എം.ഇ.പി.യും അതുപോലെ പർച്ചേസ് പ്രൈസും കേന്ദ്ര ഗവൺമെന്റ് പിൻവലിച്ചു. ഞാൻ ഇവിടെ ചാർജെടുത്തത് മുതൽ കേന്ദ്ര ഗവൺമെന്റിന് എഴുതുകയാണ്. ഇപ്പോൾ കയർ ബോർഡിനോട് നിരന്തരമായി ഞങ്ങൾ ആവശ്യപ്പെട്ടിട്ട് പർച്ചേസ് പ്രൈസ് എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശം കൊടുക്കണമെന്ന് അവർ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് നല്ല കാര്യമാണ്. അത് യോജിച്ച് നമ്മൾ നടപ്പിലാക്കണം. ഞാൻ കൊണ്ടുവന്ന മറുപടിയൊന്നും വായിക്കുന്നില്ല. കാരണം അദ്ദേഹം പറഞ്ഞത് അദ്ദേഹം മറുപടി കിട്ടുന്നതിന് എഴുതിത്തന്നത് ഇതല്ല വേറെ കാര്യമാണ്. ഇതാണ് എനിക്ക് ഇതിന് കൊടുക്കാനുള്ള മറുപടി.

ഡോ. തോമസ് ഐസക്: ഞാൻ പറഞ്ഞ കണക്കുകൾ ശ്രീമതി ഗൗരിയമ്മ സമ്മതിച്ചതിൽ വളരെ സന്തോഷമുണ്ട്. എന്റെ ചോദ്യം, കയർ വ്യവസായത്തിൽ കഴിഞ്ഞ 4 വർഷമായി, ഇതിപ്പോൾ 5-ാമത്തെ വർഷത്തെയാണ്. ഗൗരിയമ്മ പറഞ്ഞ കണക്കെടുത്താൽ കഴിഞ്ഞ നാല് വർഷം ശരാശരി 17 കോടി രൂപയേ ചെലവാക്കിയിട്ടുള്ളൂ. വേണമെങ്കിൽ കണക്ക് കൂട്ടിക്കോളൂ. 9-ാം പദ്ധതിക്കാലത്ത് ശരാശരി 28 കോടി രൂപ പ്രതിവർഷം ചെലവാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട കയർ മന്ത്രിയോട് ചോദിക്കുന്നത്, ഈ വർഷം വച്ചിരിക്കുന്ന 26 കോടി രൂപയോടൊപ്പം 10 കോടി രൂപകൂടി കൂടുതൽ ധനമന്ത്രിയിൽനിന്ന് വാങ്ങി കയർ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ഒരു സ്കീമുണ്ടാക്കാൻ ഏർപ്പാടുണ്ടാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഞാൻ വന്നതിനുശേഷം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി 56 കോടി രൂപ കേന്ദ്രത്തിൽനിന്ന് വാങ്ങിച്ചിട്ടുണ്ട്. അതിൽ 14 കോടി രൂപ ഇക്കൊല്ലംതന്നെ നിങ്ങൾക്ക് ചെലവാക്കാം. ബഡ്ജറ്റിൽ പണമില്ലെങ്കിൽ ചെലവാക്കുന്നത് എങ്ങനെയാണ്? ഫിനാൻസ് ഡിപ്പാർട്ടുമെന്റും പ്ലാനിംഗ്

ബോർഡും അംഗീകരിക്കാത്ത ഒരു സ്കീമിനുവേണ്ടി പണം ചെലവാക്കാൻ പറ്റുമോ? പക്ഷേ 100 കോടി രൂപ സ്പെഷ്യൽ പാക്കേജിൽ ഉണ്ടായിരുന്നതിൽ കയറിന് കിട്ടിയ 18 കോടി രൂപ ചെലവാക്കി, അല്ലാതെ ചെലവാക്കാൻ പറ്റില്ല. കേന്ദ്ര ഗവൺമെന്റ് തരുന്നത് ഒരു കൊല്ലം 15 കോടി രൂപയാണ്. കുറച്ച് പണംകൂടി കിട്ടാൻ ഒരുപാട് ശ്രമിച്ചു. ഡൽഹിക്ക് പോയി കുറച്ച് പണംകൂടി വാങ്ങാൻ ശ്രമിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. ജെ. ജോയി]

(2) താലൂക്ക് പുനഃസംഘടനയും പട്ടാമ്പി താലൂക്ക് രൂപീകരണവും

ശ്രീ. സി. പി. മുഹമ്മദ്: സർ, ഒരേസമയം ആശങ്കയും നിരാശയും അതേസമയം ശുഭപ്രതീക്ഷയും വച്ചുപുലർത്തുന്ന ഒരു പ്രധാനപ്പെട്ട കാര്യത്തിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. എന്റെ മുമ്പേ മഹാരഥന്മാരായ ഒരുപാട് ജനപ്രതിനിധികൾ ഈ നിയമസഭാവേദിയിൽ മുഴക്കിയ ഈ ശബ്ദം ആവർത്തനവിരസതകൊണ്ടും മറുപടികൊണ്ടും അർത്ഥം നഷ്ടപ്പെട്ടു എന്നു ചൂണ്ടിക്കാണിക്കുന്നതിൽ എനിക്ക് ഖേദമുണ്ട്. മരിക്കുന്നതിന്റെ മൂന്നു വർഷങ്ങൾക്ക് മുമ്പേ ആദരണീയനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് മാതൃഭൂമി ലേഖകനോട് ഭരണ രംഗത്ത് എന്റെ നടക്കാതെപോയ ഒരു സ്വപ്നമാണ് പട്ടാമ്പി താലൂക്ക് എന്നു ചൂണ്ടിക്കാണിച്ചിരുന്നു. ഈ സഭയിൽ ഞാൻ അംഗമായ അന്ന് ആദ്യം ആരംഭിച്ച നിയമസഭാ സമ്മേളനത്തിൽ 17-7-2001-ന് 556-ാം നമ്പറായി കൊടുത്ത ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി താലൂക്ക് പുനഃസംഘടനയുടെ കാര്യം ആലോചിച്ചുവരുന്നു, അതിനു റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി ഒരു കമ്മീഷനെ വച്ചിട്ടുണ്ട്, അത് വന്നുകഴിഞ്ഞാൽ പട്ടാമ്പി താലൂക്കിന്റെ കാര്യം പരിഗണിക്കുമെന്നു പറഞ്ഞാണ് മറുപടി കിട്ടിയത്. ഈ നിയമസഭാ സമ്മേളനത്തിൽ ഏറ്റവും ഒടുവിൽ 27-7-2005-ൽ 2610-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി ശ്രീ. ടി. യു. രാധാകൃഷ്ണൻ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. വി. ജെ. പൗലോസ്, ശ്രീ. വി. ഡി. സതീശൻ, ശ്രീ. കോവൂർ കുഞ്ഞുമോൻ എന്നിവരുടെ 2611-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി നൽകിയ മറുപടി ഇതുവരെ 4 കമ്മീഷനുകളെ വച്ചിട്ടുണ്ട്. അതിൽ രണ്ടെണ്ണത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇപ്പോൾ ശ്രീ. കെ. ജെ. അൽഫോൺസിനെ കമ്മീഷനായി വച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലേ പരിശോധിക്കാൻ പറ്റുകയുള്ളു എന്നാണ്. കേരളത്തിൽ താലൂക്കുകളുടെ പുനഃസംഘടന നടന്നിട്ട് വർഷങ്ങളായി. അതിനുശേഷം ഇവിടെ ജില്ലകൾ രൂപവൽക്കരിച്ചു. ജില്ലകൾ രൂപവൽക്കരിക്കുക മാത്രമല്ല ഈ 4 കമ്മീഷനുകളെ സംസ്ഥാനത്ത് നിശ്ചയിച്ചപ്പോൾത്തന്നെ ഈ കമ്മീഷൻ റിപ്പോർട്ടുകളുടെ ഒരു പരിഗണനയും ഇല്ലാതെതന്നെ ഈ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് താലൂക്കുകൾ വന്നിട്ടുണ്ട്. പതിവുപോലെ ഇവിടെ അവതരിപ്പിക്കലും പതിവ് ശൈലിയിലുള്ള മറുപടിയും ആയിരിക്കുകയില്ല ബഹുമാനപ്പെട്ട മന്ത്രിയുടേത് എന്ന് ഞാൻ കരുതുന്നു. ഞങ്ങളുടെ നാട്ടിൽ പൂരത്തിനും നേർച്ചയ്ക്കും നോട്ടീസ് അടിക്കുമ്പോൾ കൊല്ലംതോറും നടത്തിവരാറുള്ള പൂരവും നേർച്ചയും പൂർവ്വാധികം ഭംഗിയോടുകൂടി ഈ വർഷവും നടത്തുമെന്നു പറയുന്നതുപോലെ ഞങ്ങൾ ഇതിങ്ങനെ ആവർത്തിച്ച് ആവർത്തിച്ചാവശ്യപ്പെടുക. മന്ത്രി കമ്മീഷനെ നിശ്ചയിച്ചിട്ടുണ്ട്, അതിന്റെ റിപ്പോർട്ട് വരട്ടെ എന്നുള്ള ഒരു മറുപടി, സത്യത്തിൽ വളരെ സങ്കടകരമാണെന്ന് ആമുഖമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. താലൂക്ക് പുനഃസംഘടന പൊതുവായ കാര്യമാണ്. അങ്ങേക്കും ഈ ആവശ്യമുണ്ടെന്ന് എനിക്കറിയാം. ആലുവ താലൂക്ക് വിഭജിച്ച് അങ്കമാലി താലൂക്ക് വേണമെന്ന് അങ്ങ് സ്ഥിരമായി ആവശ്യപ്പെടുന്നതാണ്. 4 കമ്മീഷനുകളെ വച്ചു. എം.ജി.കെ. മൂർത്തി കമ്മീഷൻ, ബാബുപോൾ കമ്മീഷൻ ഇവർ രണ്ടു പേരും റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ട് ഫലവത്തായില്ല. മൂന്നാമത് സുന്ദരേശൻ എന്നു പറയുന്ന റവന്യൂ സെക്രട്ടറിയെ ഈ നിയമസഭാ സമ്മേളനകാലത്ത് തന്നെ കമ്മീഷനായി വച്ചു. അദ്ദേഹം കേരളത്തിൽനിന്നു ജോലി ആവശ്യാർത്ഥം ഡൽഹിയിലേക്ക് പോയി. നാലാമത് ശ്രീ. അൽഫോൺസിനെ ഇതിനുവേണ്ടി നിയമിച്ചിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ ആ ഭരണത്തിന്റെ അവസാനകാലത്ത് 16 താലൂക്കുകൾ കേവലം ഒരു പ്രഖ്യാപനത്തിൽ ഒതുക്കി. എന്റെ നിയോജകമണ്ഡലത്തിൽ എനിക്ക് മുമ്പുണ്ടായിരുന്ന ബഹുമാനപ്പെട്ട ജനപ്രതിനിധി റവന്യൂ മന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ എല്ലാവരും പ്രതീക്ഷയോടുകൂടി കാത്തിരുന്നതാണ്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാനപ്പെട്ട ഇ.എം.എസ്. നമ്പൂതിരിപ്പാട് തൊട്ട് ഞാൻ ഏറ്റവും അധികം ബഹുമാനിക്കുന്ന ശ്രീ. ഇ.പി. ഗോപാലൻ തൊട്ട് ബഹുമാന്യയായ ലീലാ ദാമോദരമേനോൻ വരെ ഈ നിയമസഭയിൽ പട്ടാമ്പി താലൂക്കിന്റെ കാര്യം പരാമർശിച്ചിട്ടുണ്ട്. ഇലക്ഷൻ പ്രഖ്യാപിച്ചപ്പോൾ 16 താലൂക്കുകൾ പ്രഖ്യാപിക്കുകയാണ് ചെയ്തത്. നാട്ടിലൊരു ചൊല്ലുണ്ട്. കുളിച്ചില്ലെങ്കിലും കൗപീനം പുറത്തു കിടക്കട്ടെ എന്നു പറയുന്നതുപോലെയാണ് ആ പ്രഖ്യാപനം ഉണ്ടായത്. അവിടെ തഹസിൽദാരെ നിയമിച്ചില്ല. താലൂക്ക് ആഫീസ് ആരംഭിച്ചില്ല. എന്റെ നിയോജകമണ്ഡലമായ പട്ടാമ്പി താലൂക്ക് ആസ്ഥാനമല്ലാതിരുന്നിട്ടും അവിടെ മനോഹരമായ ഒരു റവന്യൂ ടവറിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ആ റവന്യൂ ടവറിന്റെ ഉദ്ഘാടനം പോലും വൈകിക്കുന്നത് പട്ടാമ്പി താലൂക്ക് രൂപീകരിക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ്. ജനസംഖ്യയുടെ കാര്യത്തിൽ സിക്കിം ജനസംഖ്യയെക്കാൾ മൂന്നു ലക്ഷം കൂടുതലാണ് ഒറ്റപ്പാലം താലൂക്കിൽ. വിസ്തൃതിയുടെ കാര്യത്തിൽ ഗോവയുടെ മുക്കാൽ ഭാഗം വിസ്തൃതി ഒറ്റപ്പാലം താലൂക്കിനുണ്ട്. കാളീശ്വരൻ എന്നു പറയുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ 1967-ലെ ഗവൺമെന്റിന്റെ കാലത്ത് മലപ്പുറം

ജില്ല രൂപീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ആ റിപ്പോർട്ടിൽ പോലും ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്ക് രൂപവൽക്കരിക്കണമെന്നു നിർദ്ദേശിച്ചിരുന്നു. അന്ന് പൊന്നാനിയുടെ ഭാഗമായ മലപ്പുറം ജില്ല വന്നപ്പോൾ പൊന്നാനിയുടെ ഭാഗമായ ഒറ്റപ്പാലം താലൂക്കിലേക്ക് തൃത്താല, പട്ടിത്തറ, തിരുമിറ്റക്കോട്, ഒന്ന്, രണ്ട് വില്ലേജുകളും ചാലിശ്ശേരി, നാഗലശ്ശേരി, കപ്പൂർ വില്ലേജുകളും കൂട്ടിച്ചേർക്കുകയുണ്ടായി. സർക്കാരിന് ചെലവ് വർദ്ധിക്കും എന്നു പറഞ്ഞ് പാവപ്പെട്ട ജനങ്ങൾ താലൂക്ക് ആഫീസിലും സപ്ലൈ ആഫീസിലും കയറിയിറങ്ങി ദിവസങ്ങളോളം വിലപ്പെട്ട സമയം ചെലവഴിച്ചുകൊണ്ട് പാവപ്പെട്ട ജനങ്ങളുടെ കുടുംബ ബഡ്ജറ്റ് താളം തെറ്റുന്നതിനെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നില്ല. 41 വില്ലേജുകളാണ് ഒറ്റപ്പാലം താലൂക്കിലുള്ളത്. 29 പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും 4 ബ്ലോക്ക് പഞ്ചായത്തുകളും 4 നിയമസഭാ മണ്ഡലങ്ങളും ഇന്ന് ഒറ്റപ്പാലം താലൂക്കിലുണ്ട്. കൊല്ലം ജില്ലയിലെ കുന്നത്തൂരിലും പത്തനംതിട്ടയിലെ മല്ലപ്പള്ളിയിലും ഏഴ് വില്ലേജാണെന്ന് ആലോചിക്കുമ്പോഴാണ് 41 വില്ലേജുള്ള ഒറ്റപ്പാലം താലൂക്കിന്റെ ഭൂവിസ്തൃതി നാം പരിശോധിക്കേണ്ടത്. പൊന്നാനി താലൂക്കിൽപ്പോലും 11 വില്ലേജ് മാത്രമേയുള്ളൂ. അതേസമയത്ത് മലബാറിലാണ് ഈ താലൂക്കുകളിൽ ധാരാളം വില്ലേജുള്ളത്. 41 വില്ലേജുകളുള്ള കാസർഗോഡും 47 വില്ലേജുകളുള്ള തളിപ്പറമ്പും 48 വില്ലേജുകളുള്ള തലശ്ശേരിയും ഈ സംസ്ഥാനത്തുതന്നെയാണ്. എല്ലാ കാര്യങ്ങളിലും മലബാറിന് അനുഭവപ്പെട്ടു വരുന്ന ക്ഷീണം ഈ വിഷയത്തിലും ഉണ്ടെന്നു ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. ഞാൻ ചുരുക്കുകയാണ്. ജനസാന്ദ്രത, വിസ്തൃതി, അധികാരപരിധി, പിന്നോക്കാവസ്ഥ ഇവ കണക്കിലെടുത്താൽ എല്ലാ പരിഗണനയുംവച്ച് പരിശോധിച്ചാലും പട്ടാമ്പിയിൽ ഒരു താലൂക്ക് വേണമെന്നാണ്. പാലക്കാട് ജില്ലയിലെ മൊത്തം ജനസംഖ്യയായ 26,17,482-ൽ പത്തു ലക്ഷത്തോളം ജനങ്ങൾ ഒറ്റപ്പാലം താലൂക്കിലാണ്. ഒറ്റപ്പാലം താലൂക്കിന്റെ തൃത്താല നിയോജകമണ്ഡലത്തിൽനിന്ന് സ്നേഹിതൻ ശ്രീ. വി. കെ. ചന്ദ്രന്റെ മണ്ഡലത്തിലെ എറവക്കാട്നിന്ന് ഒറ്റപ്പാലത്തേക്ക് 46 കിലോമീറ്ററും കരിയന്നൂരിൽനിന്ന് 41 കിലോമീറ്ററും തിരുവയർപ്രായിൽനിന്ന് 40 കിലോമീറ്ററും ആനക്കരയിൽ നിന്ന് 45 കിലോമീറ്ററും സഞ്ചരിക്കേണ്ടിവരുമ്പോൾ എന്റെ നിയോജകമണ്ഡലത്തിൽനിന്ന് ജില്ലാ ആസ്ഥാനമായ മലപ്പുറത്തേക്ക് 50 കിലോമീറ്റർ മാത്രമാണുള്ളത് എന്നുള്ളത് ഈ ആവശ്യത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. കേരളത്തിലെ ഈ താലൂക്ക് പുനഃസംഘടനകളെക്കുറിച്ച് ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് ഒരുപാട് കാലമായി, ഒരുപാട് കമ്മീഷനുകൾ വന്നു. അതുകൊണ്ട് ഈ ആവശ്യം സാധിക്കുന്നതിന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി തീരുമാനങ്ങൾ എടുക്കുന്നതിൽ സൂപ്പർസോണിക് ജെറ്റ് വിമാനത്തിന്റെ വേഗതയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭരണരംഗത്ത് സവ്യസാചിയായ കെ. എം. മാണിസാറും ഈ റവന്യു വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ഇന്നു മറുപടി പറയുന്നത് ബഹുമാന്യനായ സാതികനായ സി. എഫ്. തോമസ് സാറാണെങ്കിലും അദ്ദേഹംകൂടി ഇതിന് മുൻകൈയെടുത്ത് ഈ താലൂക്കുകളുടെ പുനഃസംഘടന അടിയന്തിരമായി നടത്തുകയും പട്ടാമ്പി താലൂക്ക് യാഥാർത്ഥ്യമാക്കി തരികയും ചെയ്തു കൊണ്ട് ഈ 11-ാം നിയമസഭയുടെ ആദ്യസമ്മേളനത്തിൽ ഉന്നയിച്ച ആവശ്യം, മുമ്പുള്ള എല്ലാ സമ്മേളനങ്ങളിലും ഉന്നയിച്ച ആവശ്യം, പരമ്പരാഗതമായ ഒരു ആവശ്യം, പരമ്പരാഗതമായ പതിവ് ശൈലിയിൽ നിന്നു മാറിനിൽക്കാതെ ഇതിന് അനുകൂലമായ ഒരു മറുപടി ബഹുമാന്യനായ സി. എഫ്. തോമസ് സാറിൽനിന്നു പ്രതീക്ഷിക്കുന്നു. ഞാൻ വിഷയം അവതരിപ്പിച്ചിരിക്കുന്നു.

11.00 A.M.]

റവന്യുവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)* : സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. അങ്ങും അതിനോട് യോജിക്കുകയുണ്ടായി. സംസ്ഥാനത്ത് 14 ജില്ലകളും 61 താലൂക്കുകളും 1452 വില്ലേജുകളുമാണ് ഉണ്ടായിരുന്നത്. 1995-ൽ മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി, നിലമ്പൂർ എന്നീ രണ്ടു പുതിയ താലൂക്കുകളും തിരൂർ എന്ന ഒരു റവന്യു ഡിവിഷനുംകൂടി രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്ത് പുതിയ ജില്ലകളും താലൂക്കുകളും വില്ലേജുകളും രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനപ്രതിനിധികളിൽനിന്നും സന്നദ്ധസംഘടനകളിൽനിന്നും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത് സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായി പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയവെ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതനുസരിച്ച് 28-8-2003-ൽ ജി.ഒ.(ആർ.ടി.) 2634/03/ആർ.ഡി. നമ്പർ ഉത്തവുപ്രകാരം റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. വില്ലേജുകളുടെയും താലൂക്കുകളുടെയും പുനഃസംഘടന സംബന്ധിച്ച് പഠിച്ച് ആറ് മാസത്തിനകം നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ലാന്റ് റവന്യു കമ്മീഷണറുടെ അഡീഷണൽ ചാർജ്ജ് കൂടി

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് വഹിക്കേണ്ടിയിരുന്നതിനാൽ ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ കഴിയില്ലെന്നും മറ്റൊരു ആറു മാസംകൂടി അനുവദിക്കണമെന്നും പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി. 4-6-2004-ലെ ജി.ഒ.(ആർ.ടി.) 2426/04 ആർ.ഡി. നമ്പർ ഉത്തരവനുസരിച്ച് 29-2-2004 മുതൽ ആറു മാസത്തേക്ക് കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായി. തുടർന്ന് റവന്യൂ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുന്ദരേശൻ ബോംബെ ആസ്ഥാനമായിട്ടുള്ള ഫോർവേർഡ് മാർക്കറ്റിംഗ് കമ്മീഷൻ ചെയർമാനായി നിയമിതനായതിനാൽ കമ്മീഷന്റെ പ്രവർത്തനം നിലച്ചു. എന്നാൽ 6-5-2005-ലെ ഉത്തരവുപ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. കെ. ജെ. അൽഫോൺസിനെ താലൂക്ക്-വില്ലേജ് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കാൻ ഗവൺമെന്റ് തീർച്ചയായും പരിശ്രമിക്കും. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതുസംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കാൻ കഴിയും.

ശ്രീ. സി. പി. മുഹമ്മദ്: കമ്മീഷനുകളുടെ കുറവുകൊണ്ടല്ല താലൂക്കുകളുടെ രൂപവൽക്കരണം നടത്താത്തത്. സുന്ദരേശൻ കമ്മീഷന്റെ, കേരളത്തിൽ ആറ് മാസത്തെ സ്റ്റാറ്റിസ്റ്റിക്സ് നോക്കിയാൽ ഏത് താലൂക്കിനാണ് വിസ്തീർണ്ണം കൂടുതൽ, ഏത് താലൂക്കിലാണ് ജനസംഖ്യ കൂടുതൽ എന്നൊക്കെ റവന്യൂ സെക്രട്ടറിയോ ലാൻഡ് റവന്യൂ കമ്മീഷണറോ മന്ത്രിയോ ഓഫീസിൽ ഇരുന്നാൽ ഒരു മണിക്കൂർകൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നിട്ടും ആറു മാസത്തെ സമയം കൊടുത്തു. ആറു മാസംകൂടി നീട്ടിയിട്ട് ആ ഉദ്യോഗസ്ഥൻ ബോംബെയ്ക്ക് പോയപ്പോഴാണ് ഇപ്പോഴത്തെ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയത്. ഇത് വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്നു പറയുന്നതുപോലെ നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ട് വാങ്ങി ന്യായമായ ഒരു തീരുമാനം, അല്ലെങ്കിൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടതുപോലെ അവസാനഘട്ടത്തിൽ താലൂക്കിന്റെ പ്രഖ്യാപനം നടത്തിയതുകൊണ്ടായില്ല. ഇക്കാര്യത്തിൽ വ്യക്തമായ ഒരു സമയപരിധി നിശ്ചയിച്ചുകൊണ്ട് മറുപടി തരാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

ശ്രീ. സി. എഫ്. തോമസ്: ഇവിടെ സൂചിപ്പിച്ചതുപോലെ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly